9135

24 NOV 2017

| NORKA-ROOTS | |
|---|---|
| TAPPAL | Date & Initial |
| CEO | |
| GM | |

**കേരള സർക്കാർ**

**സംഗ്രഹം**

ആഗോള സാംസ്കാരികോത്സവം പദ്ധതി- 2017-18 സാമ്പത്തിക വർഷത്തിലെ ഫണ്ട് പിൻവലിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രവാസി കേരളീയകാര്യ (എ) വകുപ്പ്

G.O.(Rt)No. 677/2017/NORKA തീയതി,തിരുവനന്തപുരം, 21/11/2017

പരാമർശം:- (1) 16.06.2017-ലെ സ.ഉ.(സാധാ)നം. 417/17/നോർക്ക നമ്പർ ഉത്തരവ്
(2) നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26.09.2017 ലെ 3114/ജി/17/റൂട്ട്സ് നമ്പർ കത്ത്.

**ഉത്തരവ്**

മറുനാടൻ മലയാളികൾക്ക് മാതൃസംസ്ഥാനവുമായുള്ള ബന്ധം നിലനിർത്തുന്നതിനും കേരളത്തിന്റെ മികവാർന്ന സംസ്കാരം മറുനാട്ടുകളിൽ പ്രദർശിപ്പിക്കുന്നതിനും എല്ലാ മറുനാടൻ മലയാളികൾക്കും അവരുടെ പ്രതിഭ തെളിയിക്കുന്നതിനുമുള്ള ഒരു വേദിയായി വർത്തിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ആഗോള സാംസ്കാരികോത്സവം പദ്ധതിക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം, 2017-18 സാമ്പത്തിക വർഷത്തിൽ Rs.200,00,000/-(ഇരുന്നൂറു ലക്ഷം രൂപ മാത്രം) 2230-01-103-64-(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. ആഗോള സാംസ്കാരികോത്സവം പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി നടപ്പ സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി ഫണ്ട് റിലീസിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) -ലെ കത്ത് പ്രകാരം നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ നല്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആഗോള സാംസ്കാരികോത്സവം പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ ആദ്യഗഡുവായി Rs. 50,00,000 രൂപ (അൻപതു ലക്ഷം രൂപ മാത്രം) പിൻവലിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തുകൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത തുക 2230-01-103-64-(P)എന്ന ശീർഷകത്തിൽ നിന്നും

ചെലവഴിക്കേണ്ടതാണ്. ഈ തുക അഡീഷണൽ സെക്രട്ടറി (നോർക്ക) പിൻവലിക്കുന്നതും നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 70101140000238 എന്ന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതുമാണ്.

4. പദ്ധതിക്കുള്ള ഫണ്ട് പിൻവലിക്കുന്നതിൽ താഴെപറയുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിക്കേണ്ടതാണ്:

(i)പ്രസ്തുത തുക ട്രഷറിയിൽ (Non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.

(ii)29.08.2009 ലെ സർക്കുലർ നമ്പർ 75/9/ധന -ലേയും 09.12.2008 ലെ സർക്കുലർ നം. 84/08/ധന – ലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

(iii)അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും KFC. Form No. 44 പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

(iv)വർഷാവസാനം വിനിയോഗിക്കാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(V)അടുത്ത ഫണ്ട് റിലീസിനുള്ള ശുപാർശയോടൊപ്പം ടി തുകയുടെ ഇനം തിരിച്ചുള്ള ചെലവ് വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANGELOSE.G
ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. നോർക്ക റൂട്ട്സ്. തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) , കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [PU-C1/152/2017-FIN)നം. ഫയൽ പ്രകാരം
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
നോർക്ക (ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ